**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4443** **06-03-2023 - ൽ മറുപടിയ്ക്ക്**

**പാങ്ങോട്, മുണ്ടക്കുന്ന് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാങ്ങോട്, മുണ്ടക്കുന്ന് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ മുണ്ടക്കുന്ന്, പാങ്ങോട് ട്രൈബൽ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് വേണ്ടിയുള്ള വർക്കുകൾ ആർ.ഡി.എസ്.എസ്. അഡീഷണൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടക്കുന്ന് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് 120 m HT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും 500m LT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും, ഒരു 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടെ 14,92,370/-(പതിനാല് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മുന്നൂറ്റി എഴുപത്) രൂപയുടെ പ്രവൃത്തികളും. പാങ്ങോട് കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിന് 470m HT (ABC) ലൈൻ വലിക്കുന്ന പ്രവൃത്തിയും, 670 m LT ABC ലൈൻ വലിക്കുന്ന പ്രവൃത്തിയും 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടെ 26,45,100/- രൂപയുടെ പ്രവൃത്തികളും ഉൾപ്പടുത്തിയിട്ടുണ്ട്. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ